# ബിദ്അത്ത്
## അപകടങ്ങൾ, കാരണങ്ങൾ

BY

അശ്ശൈഖ് അബ്ദുൽ അസീസ് ബിൻ
സാലിം അൽ ഉമർ

വിവർത്തനം
കോയക്കുട്ടി ഫാറൂഖി

42

# ബിദ്അത്ത്
## അപകടങ്ങൾ, കാരണങ്ങൾ


**BY**

**അശ്ശൈഖ് അബ്ദുൽ അസീസ് ബിൻ
സാലിം അൽ ഉമർ**

**വിവർത്തനം**

**കോയക്കുട്ടി ഫാറൂഖി**

COOPERATIVE OFFICE
FOR CALL AND GUIDANCE
IN AL-BATHA
UNDER THE SUPERVISION OF
MINISTRY OF ISLAMIC AFFAIRS.
ENDOWMENTS. PROPAGATION AND GUIDANCE
P.O.BOX : 20824 RIYADH: 11465
TEL: 00966-1-4030251
4034517
4031587
4030142
FAX: 4059387
Lecture hall. Tel. +Fax : 00966-1-4083405

# ബിദ്അത്ത്
# അപകടങ്ങൾ, കാരണങ്ങൾ

അവിശ്വാസികൾക്ക് അനിഷ്ടകരമാണെങ്കിലും സന്മാർഗ്ഗവും സത്യമതവുമായി - എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി - തന്റെ ദൂതനെ നിയോഗിച്ച അല്ലാഹുവിന്ന് സർവ്വ സ്തുതിയും.

ബഹു ദൈവത്വവും ദുർമാർഗ്ഗവും തകർക്കുകയും സത്യം ഉൽഘോഷിക്കുകയും അതിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും ചെയ്ത, അല്ലാഹുവിന്റെ ദാസനും നമ്മുടെ പ്രവാചകനുമായ മുഹമ്മദി (സ.അ) ലും അദ്ദേഹത്തിന്റെ അനുചരിലും അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

വചനങ്ങളിലേറ്റം ശ്രേഷ്ഠമായത് ദൈവ ഗ്രന്ഥമാകുന്നു. ചര്യകളിലേറ്റവും ഉത്തമമായത് മുഹമ്മദ് (സ.അ) യുടെ ചര്യകളാകുന്നു. കാര്യങ്ങളിൽ ഏറ്റവും ചീത്ത (മതത്തിൽ) പുതുതായി നിർമ്മിക്കുന്നവയാകുന്നു. എല്ലാ പുതുനിർമ്മിത കാര്യങ്ങളും 'ബിദ്അത്താ' (അനാചാരമാ)കുന്നു. എല്ലാ ബിദ്അത്തും വഴി കേടാകുന്നു. എല്ലാ വഴികേടുകളും (ടേയും വക്താക്കൾ) നരകത്തിലുമാകുന്നു.

മത വിധികൾ പഠിപ്പിച്ച പ്രവാചകൻ വഴികേടെന്ന് വിശേഷിപ്പിച്ച് മുന്നറിയിപ്പു നൽകിയ ആ ബിദ്അത്ത് എന്താണ് ?

<u>ഭാഷാർത്ഥം</u>: മുൻ മാതൃകയില്ലാത്ത നവീനാചാരം എന്നാണ്.

<u>സാങ്കേതികാർത്ഥം</u>: യഥാർത്ഥ മത നിയമത്തിന്നു സമാനമായി ദീനിൽ പുതുതായി കണ്ടു പിടിച്ചുണ്ടാക്കിയ മാർഗ്ഗം. ഇത് പ്രവാചക ചര്യക്ക് കടക വിരുദ്ധവും സുന്നത്തിന്റെ നേരെ വിപരീതാശയവുമാണ്. ബിദ്അത്തുകളെക്കുറിച്ച് പ്രമാണങ്ങളിൽ വന്നിട്ടുള്ള താക്കീതുകളിൽ ചിലത് നാം വിവരിക്കട്ടെ.

1– ഇർബാളുബ്നു സാരിയ: (റ.അ) ഉദ്ധരിക്കുന്നു. നബി (സ.അ) പറഞ്ഞു :
"നിങ്ങളിൽ എനിക്കു ശേഷം ജീവിക്കുന്ന ചിലർക്ക് ഈ സമൂഹത്തിൽ ധാരാളം ഭിന്നിപ്പുകൾ പ്രത്യക്ഷപ്പെടുന്നതായി കാണാൻ കഴിയും. അപ്പോൾ നിങ്ങൾ എന്റെ ചര്യയും സച്ചരിതരായ എന്റെ പിൻഗാമികളുടെ ചര്യകളും മുറുകെ പിടിക്കുക. അവ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുക. പുതു നിർമ്മിതാചാരങ്ങൾ കരുതിയിരിക്കുക. കാരണം എല്ലാ പുതു നിർമ്മിതാചാരങ്ങളും ബിദ്അത്താകുന്നു". (അഹ്മദ്, തിർമിദി, ഇബ്നുമാജ, ദാരിമി, ഹാകിം, ഇബ്നു ഹിബ്ബാൻ, എന്നിവർ റിപ്പോർട്ട് ചെയ്തതും, അൽബാനി സ്വഹീഹാണെന്ന് തന്റെ 'കിതാബുസ്സുന്ന' യിൽ വ്യക്തമാക്കിയതുമാണ് ഈ ഹദീസ്.)

2– ജാബിർ ഇബ്നു അബ്ദില്ല: (റ.അ) ഉദ്ധരിക്കുന്നു. നബി (സ.അ) പറഞ്ഞു.
"ആരെയെങ്കിലും അല്ലാഹു സന്മാർഗ്ഗത്തിലാക്കിയാൽ അവനെ വഴി പിഴപ്പിക്കാൻ ആരുമില്ല. ആരെയെങ്കിലും അവൻ വഴി കെടുത്തിയാൽ അവനെ സന്മാർഗ്ഗത്തിലാക്കുവാനും ആരുമില്ല. മഹോന്നതനായ അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു വചനങ്ങളിലേറ്റം ശ്രേഷ്ഠകരം. മുഹമ്മദ് നബി (സ.അ) യുടെ ചര്യകളാണ് ഏറ്റവും നന്മയുറ്റത്. മതത്തിൽ പുതു നിർമ്മിതമായ കാര്യങ്ങളാണേറ്റവും ദുഷിച്ചത്. എല്ലാ പുതു നിർമ്മിതാചാരങ്ങളും ബിദ്അത്താ (അനാചാരമാ) കുന്നു. " (മുസ്ലിം. ബൈഹഖി).
നസാഇൗയുടെ സ്വഹീഹായ റിപ്പോർട്ടിൽ "എല്ലാ ബിദ്അത്തുകളും നരകത്തിലാകുന്നു" എന്നുകൂടിയുണ്ട്.

ആയിഷ (റ.അ) യിൽ നിന്ന് റിപ്പോർട്ട്. നബി (സ.അ) പറഞ്ഞു : "നമ്മുടെ ഇക്കാര്യ (മത വിഷയ) ത്തിൽ ഇല്ലാത്ത വല്ലതും ആർ പുതുതായി ഉണ്ടാക്കിയോ അത് തള്ളപ്പെടേണ്ടതാകുന്നു". (ബുഖാരി, മുസ്ലിം).

മുസ്‌ലിമിൻെറ മറ്റൊരു റിപ്പോർട്ടിൽ :
"നമ്മുടെ കൽപനയില്ലാത്ത ഏതൊരു കർമ്മം ആരെങ്കിലും ചെയ്‌തുവോ അത്‌ തള്ളപ്പെടേണ്ടതാകുന്നു" എന്നാണുള്ളത്‌.

'എല്ലാ ബിദ്‌അത്തും വഴികേടാണ്‌' എന്ന വാക്യത്തെക്കുറിച്ച്‌ ഇബ്‌നു ഹജർ (റ.അ) പ്രസ്‌താവിക്കുന്നു.

"ഈ വാക്യം മത നിയമത്തിലെ ഒരടിസ്‌ഥാന തത്വമാണ്‌. മത നിയമത്തിലൊരിക്കലും ബിദ്‌അത്ത്‌ ഉണ്ടാവുകയില്ല. അതിനാൽ ഏതൊരു ബിദ്‌അത്തും വഴികേടു തന്നെയാകും. കാരണം, മത നിയമങ്ങൾ മുഴുവനും സന്മാർഗ്ഗമാണ്‌ നൽകുന്നത്‌. ആയിഷ (റ.അ) യുടെ റിപ്പോർട്ടാകട്ടെ സർവ്വവും ഉൾപ്പെടുന്ന ഒരു വചനമാണ്‌ താനും. പ്രകടമായ ഏതൊരു കർമ്മത്തിൻേറയും അളവു കോലാണത്‌. 'ബിദ്‌അത്ത്‌', അത്‌ നിർമ്മിക്കുന്നവനിലേക്കു തന്നെ തിരിച്ചെറിയപ്പെടണം. ഹദീസ്‌ പണ്‌ഡിതന്മാർ ഇതിൻെറ വിശദീകരണത്തിൽ രണ്ട്‌ വ്യാഖ്യാനങ്ങൾ നൽകിയിരിക്കുന്നു.

1. 'ആ അനാചാര നിർമ്മാതാവിൻെറ പ്രവൃത്തി അവനിലേക്കു തന്നെ മടക്കുക എന്നാണ്‌'.

2. "അല്ലാഹുവിൻെറ കൽപന തള്ളിക്കളഞ്ഞവനാണ്‌ ബിദ്‌അത്തുകാരൻ. കാരണം, അവൻ ഏറ്റവും നല്ല വിധി കർത്താവായ അല്ലാഹുവിന്ന്‌ സമാനനാകുവാൻ ശ്രമിക്കുകയാണ്‌. എന്നിട്ടവൻ, അല്ലാഹു മതത്തിൽ നിയമമാക്കിയിട്ടില്ലാത്ത ഒരു കാര്യം ചമച്ചുണ്ടാക്കുകയാണ്‌."

ഇതു സംബന്‌ധമായി വന്നിട്ടുള്ള പ്രവാചക ശിഷ്യന്മാരിൽ ചിലരുടെ വാക്കുകൾ കൂടി കാണുക : -
അബ്‌ദുല്ലാഹിബ്‌നു മസ്‌ഊദ്‌ (റ.അ) പറയുന്നു : "നിങ്ങൾ പ്രവാചകനെ പിൻപറ്റുക. ഒരിക്കലും

അനാചാരമുണ്ടാക്കരുത്. നിങ്ങളുടെ നാശത്തിന്ന് അത് (ബിദ്അത്ത്) തന്നെ മതി" ! (ത്വബ്റാനി, ദാരിമി എന്നിവർ സ്വഹീഹായ പരമ്പരയിൽ ഉദ്ധരിച്ചത്).

അബ്ദുല്ലാഹിബ്നു ഉമർ (റ.അ) പറയുന്നു :
"എല്ലാ ബിദ്അത്തുകളും വഴികേടു തന്നെ. ജനങ്ങൾ അതെത്ര നല്ലതാണെന്നു ധരിച്ചാലും ശരി". (ദാരിമി)

ഇബ്നു മസ്ഊദ് (റ.അ) ഒരിക്കൽ പള്ളിയിൽ ചെന്നപ്പോൾ ഒരു സംഘം കൂടിയിരിക്കുന്നതു കണ്ടു. എല്ലാവരുടെ പക്കലും ചെറിയ കല്ലുകളുമുണ്ട്. അവർക്കിടയിൽ ഒരാൾ 'നൂറ് തവണ തക്ബീർ ചൊല്ലൂ' എന്നു പറയുന്നു. അപ്പോൾ അവരെല്ലാം തക്ബീർ ചൊല്ലും. പിന്നിട് നൂറ് തവണ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നു ചൊല്ലാൻ പറയുന്നു. അവർ നൂറ് തവണ അതേറ്റു ചൊല്ലുന്നു. ശേഷം നൂറ് തവണ 'സുബ്ഹാനല്ലാഹ്' എന്നു ചൊല്ലാൻ പറഞ്ഞപ്പോഴും അവർ അതു പറയുന്നു. കല്ലുകൾ കൊണ്ടവർ എണ്ണം പിടിക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹം കോപാകുലനായിക്കൊണ്ട് പറഞ്ഞു

"എൻെറ ആത്മാവ് ഏതൊരുവൻെറ കയ്യിലാണോ അവൻ തന്നെയാണെ സത്യം , നിങ്ങൾ മുഹമ്മദ് നബി (സ.അ) യുടെ സമുദായത്തിന്നു അദ്ദേഹം നൽകിയതിനേക്കാൾ ഉത്തമമായത് നൽകുവാൻ ഒരുങ്ങുകയാണോ ? അതുമല്ല വഴികേടിൻെറ കവാടം മലർക്കെ തുറക്കുകയാണോ ? അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ നന്മയല്ലാതെ ഇതുകൊണ്ട് കരുതിയിട്ടില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു : എത്ര മനുഷ്യർ നന്മയെന്നു കരുതി പ്രവർത്തിച്ചിട്ടും അതിൽ എത്തിച്ചേരാത്തവരായുണ്ട് !. (ദാരിമിയും അബൂ നഈമും കുറ്റമറ്റ പരമ്പരയിൽ ഉദ്ധരിച്ചതാണിത്).
ബിദ്അത്തുകളുടെ അപകടങ്ങളെക്കുറിച്ചു ഈ സമുദായത്തിലെ സച്ചരിതരായ മുൻഗാമികൾ ഗ്രഹിച്ചവസ്തുതകളാണിതൊക്കെ.

മഹാനായ ഇമാം മാലിക്(റ.അ) പറയുന്നു :
"ഒരാൾ നല്ലതെന്നു കരുതി ഇസ്‌ലാമിൽ ഒരു ബിദ്അത്തുണ്ടാക്കിയാൽ അയാൾ ജൽപിക്കുന്നത്, 'നിശ്ചയം, മുഹമ്മദ് (സ.അ) തൻെറ ദൗത്യ നിർവ്വഹണത്തിൽ വഞ്ചന കാണിച്ചിരിക്കുന്നു എന്നാണല്ലോ. കാരണം അല്ലാഹു പറയുന്നത്:
"ഇന്നേ ദിവസം നിങ്ങളുടെ മതം സമ്പൂർണ്ണ മാക്കിത്തരികയും എൻെറ അനുഗ്രഹം നിങ്ങളിൽ നിവർത്തിക്കുകയും ഇസ്‌ലാമിനെ മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." എന്നാണ്. അതിനാൽ അന്ന് എന്തെല്ലാം മതചര്യകളായി ഇല്ലയോ അതൊന്നും ഇന്നും മതചര്യകളല്ല തന്നെ".

ഇമാം ശാഫിഈ (റ.അ) പറയുന്നു :
"ഒരാൾ നല്ലതായൊന്നു (മത വിഷയത്തിൽ) സങ്കൽപിച്ചുണ്ടാക്കിയാൽ അയാൾ മത നിയമ നിർമ്മാണം നടത്തിയിരിക്കുന്നു" .

ഇമാം അഹ്മദ്ബ്നു ഹമ്പൽ (റ.അ) പറയുന്നു :
"നമ്മുടെ വീക്ഷണത്തിൽ പ്രവാചക ചര്യയുടെ അടിസ്ഥാനമെന്നാൽ, പ്രവാചക ശിഷ്യന്മാർ മുറുകെ പിടിച്ചതെന്തോ അതും, അവരെ അനുഗമിക്കലും, ബിദ്അത്തുകൾ വർജ്ജിക്കലുമാകുന്നു. കാരണം സർവ്വ ബിദ്അത്തുകളും വഴികേടാണല്ലോ".

## ബിദ്അത്തുകളുണ്ടാക്കുന്ന അപകടങ്ങൾ

1- ബിദ്അത്ത് നിർമ്മാതാവിൻെറ കർമ്മങ്ങൾ തള്ളപ്പെടുന്നവയാണ്.

2- ബിദ്അത്തിൽ ഉറച്ചു നിൽക്കുന്നിടത്തോളം അവൻെറ പശ്ചാത്താപം അസ്വീകാര്യമായിരിക്കും.

3- പരലോകത്ത് നബി (സ.അ) യുടെ ഹൗളുൽ കൗസറി (നിത്യ ജീവ ജല തടാകം) ൽ നിന്ന് വെള്ളം നൽകപ്പെടുന്നതല്ല.

4- ബിദ്അത്തു പ്രവർത്തിക്കുന്നവരുടെ പാപങ്ങളിൽ ഒരു പങ്ക് അതുണ്ടാക്കിയവൻ അന്ത്യനാൾവരെ പേറേണ്ടി വരും.

5- ബിദ്അത്തുകാരൻ ശപിക്കപ്പെട്ടവനാകുന്നു.

6- ബിദ്അത്തുകാരൻ സദാ അല്ലാഹുവിൽ നിന്ന് അകന്നു കൊണ്ടിരിക്കും.

7- ബിദ്അത്തുകൾ പ്രവാചക ചര്യ (സുന്നത്തു) കളെ നശിപ്പിക്കും.

8- ബിദ്അത്ത് നാശ ഹേതുവാണ്.

9- ബിദ്അത്തുകൾ സത്യ നിഷേധത്തിലേക്കുള്ള എളുപ്പ വഴിയാണ്.

10-തെളിവുകൾ അവ്യക്തമായ അഭിപ്രായ ഭിന്നതയുടെ വഴി തുറക്കുകയും സ്വാർത്ഥതയെ താലോലിക്കുകയും ചെയ്യും.

11-നിയമ ലംഘനത്തിലേക്കും അധർമ്മത്തിലേക്കും ബിദ്അത്തുകൾ വഴി തെളിയിക്കും.
മേൽ പറയപ്പെട്ടവയ്ക്കെല്ലാമുള്ള വ്യക്തമായ രേഖകൾ ലേഖന ദൈർഘ്യം ഭയന്ന് ഒഴിവാക്കുകയാണ്. 'സലീമുൽ ഹിലാലി' യുടെ 'കിതാബുൽ ബിദ്അ:' യിൽ ഇവ തെളിവുകളുദ്ധരിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

# നന്നായി കാണുന്നവരുടെ സംശയങ്ങൾക്ക് മറുപടി

1- "മുസലിംകൾ നല്ലതെന്ന് കണ്ടകാര്യം അല്ലാഹുവിങ്കലും നല്ലതാകുന്നു. മുസ്ലിംകൾ ചീത്തയാണെന്നു ദർശിച്ചത് അല്ലാഹുവിങ്കലും ചീത്തയാകുന്നു".

ഈ വാക്യം ഇബ്'നു മസ്'ഊദ്' (റ.അ) ൻേറതാണ്'. മുസ്'ലിം സമൂഹം ഒന്നടങ്കം നല്ലതായി കണ്ടെത്തിയ ഒരു കാര്യം 'ഇജ്'മാഅ്' ആണെന്നും, അതാകട്ടെ മതത്തിലെ പ്രമാണവുമാണ്'. ഇതാണ്' ഈ വാക്യത്തിൻെറ ആശയത്തിൽ നിന്ന്' സിദ്ധമാകുന്നത്'. അല്ലാതെ ബിദ്'അത്തായ കാര്യം സമൂഹത്തിന്നു നല്ലതാണെന്ന്' സമർത്ഥിക്കുന്നവർക്കുള്ള തെളിവായിട്ടല്ല.

2– ഉമർ (റ.അ) വിൻെറ "നിഅ്'മത്തിൽ ബിദ്'അത്തു ഹാദിഹി" (ഈ ബിദ്'അത്ത്' വളരെ നന്നായിട്ടുണ്ട്') എന്ന വാക്യമാണ്'. ഇത്' അദ്ദേഹം പറഞ്ഞത്' തറാവീഹ്' നമസ്'കാരത്തെക്കുറിച്ച്' ആയിരുന്നുവല്ലോ. അതാകട്ടെ പ്രവാചക ചര്യയിൽ പെട്ടതും. യഥാർത്ഥത്തിൽ ഒരു ഇമാമിൻെറ പിന്നിൽ ആ നമസ്'കാരം ഉമർ (റ.അ) പുനഃ സംഘടിപ്പിക്കുകയാണ്' ചെയ്'തത്'. ജനങ്ങളുടെ വർദ്ധിച്ച താൽപര്യത്താൽ അല്ലാഹു നിർബന്ധമാക്കുമെന്ന ഭയം മൂലം നബി (സ.അ), തറാവീഹ്' ജമാഅത്തായി തുടരുന്നത്' നിർത്തി വെച്ചതായിരുന്നു. അബൂബക്കറി (റ.അ) ൻെറ ഭരണ കാലത്തും അതങ്ങിനെ തുടർന്നു. (നബിയുടെ മരണത്തോടെ ആ കാരണം നീങ്ങിയിരുന്നു). എന്നാൽ ഉമറി (റ.അ) ൻെറ കാലത്ത്' ജനങ്ങൾ പല ഇമാമുകളുടേയും പിന്നിൽ വ്യത്യസ്'ത ജമാഅത്തുകളായി നടത്തപ്പെടുന്നത്' ശ്രദ്ധയിൽ പെട്ടപ്പോൾ നബി (സ.അ) യുടെ കാലത്ത്' നിർവ്വഹിച്ചതു പോലെ അത്' പുനഃ സംഘടിപ്പിക്കാൻ അദ്ദേഹം കൽപിച്ചു. അത്' നടപ്പിലായപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടു. "നിഅ്'മത്തിൽ ബിദ്'അത്തു ഹാദിഹി". "ഇതിപ്പോൾ പുതുമ തോന്നുന്ന ഒരു സമ്പ്രദായം തന്നെ". ഇത്' ഭാഷാപരമായ അർത്ഥം ഉദ്ദേശിച്ചു മാത്രം പറഞ്ഞതാണ്'. (മുൻഗാമികളായ പണ്'ഡിതന്മാരെല്ലാം വിശദീകരിച്ചത്' അപ്രകാരമാണ്').

അതു മാത്രമല്ല ഉമർ (റ.അ), വിളക്കുകൾ കൊണ്ട്' പള്ളി അലങ്കരിക്കുകയും ജനങ്ങൾ തറാവീഹിന്ന്' ഒരുമിച്ചു

കൂടുകയും ചെയ്തപ്പോൾ അവിടത്തെ വിളക്കുകളുടെ അലങ്കാരത്തെക്കുറിച്ച് 'നിഅ്മത്തിൽ ബിദ്അത്തു ഹാദിഹി' എന്ന് ഭാഷാർത്ഥത്തിൽ പറഞ്ഞതാണെന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. മതപരമല്ലാത്തതും മുൻഗാമികൾ ചെയ്തിട്ടില്ലാത്തതും എന്നേ അതിന്ന് അർത്ഥമുള്ളൂ. അല്ലാതെ മഹാനായ ഉമർ (റ.അ) മതത്തിൽ ഒരു ബിദ്അത്തുണ്ടാക്കി എന്നു പറയാവതല്ലല്ലോ.

3– "ഇസ്ലാമിൽ നല്ലൊരു സുന്നത്തു ആർ നടപ്പിലാക്കിയോ അവന്ന് അതിൻെറ പ്രതിഫലമുണ്ട്. അവനു ശേഷം അത് അനുഗമിച്ച് പ്രവർത്തിക്കുന്നവരുടെ പ്രതിഫലത്തോളവും അയാൾക്ക് പ്രതിഫലമുണ്ട്. അവർക്കുള്ള പ്രതിഫലത്തിൽ ഒരു കുറവും സംഭവിക്കാതെ തന്നെ . . . . . . . . . ." എന്ന നബി വചനം.

ഈ വചനത്തിനു പിന്നിൽ ഒരു ചരിത്രമുണ്ട്. ദാന ധർമ്മത്തിനുള്ള ആഹ്വാനമുണ്ടായപ്പോൾ നബി (സ.അ) യുടെ ഒരു ശിഷ്യൻ ഏറെ സാഹസപ്പെട്ടു കൊണ്ട് വലിയൊരു ചുമട് സാധനങ്ങളുമായി വന്നപ്പോൾ നബി (സ.അ) പറഞ്ഞതാണിത്. അപ്പോൾ ഇവിടെ സുന്നത്ത് (ചര്യ) എന്നത് കൊണ്ട് വിവക്ഷിച്ചത് ദാനമാണ്. അത്യുദാരതയോടെയുള്ള ധർമ്മം എന്ന നബിചര്യയെ ഇവിടെ ജീവസ്സുറ്റതാക്കിയതാണ്. ദാന ധർമ്മം എന്ന പുതിയ ഒരാചാരം ആ സ്വഹാബി സ്വയം ആരംഭിച്ചതല്ലല്ലോ.

( മതത്തിൽ നിയമ വിധേയമായതും പുണ്യകരമായതും, എന്നാൽ ആളുകൾ അത് അവഗണിക്കുകയോ മറക്കുകയോ പതിവാക്കാതിരിക്കുകയോ ചെയ്തിട്ടുള്ളതുമായ കാര്യങ്ങൾ പുനഃരാരംഭിക്കേണ്ടതാണെന്നും അത് അദ്ദേഹത്തെ തുടർന്ന് മറ്റുള്ളവരും ചെയ്യേണ്ടതാണെന്നുമുള്ള ഗുണപാഠമാണ് ഈ നബി വചനം നൽകുന്നത്. എൻെറ സമുദായത്തിൽ കുഴപ്പം നടമാടുമ്പോൾ എൻെറ ചര്യകൾ ജീവിപ്പിക്കുന്നവർക്ക് രക്തസാക്ഷിയുടെ പ്രതിഫലമുണ്ടായരിക്കുമെന്ന മറ്റൊരു

നബി വചനവും ഇതു തന്നെ യാണ് തെളിയിക്കുന്നത്. വിവർത്തകൻ).

4- നാട്ടാചാരം ( ഉർഫ്) . ഈ പേരിലാണ് ജനങ്ങളധികവും ബിദ്അത്തുകൾ ചെയ്യുന്നത്. തങ്ങളുടെ പൂർവികരിൽ നിന്ന് പൈതൃകമായി ലഭിച്ച ആചാരങ്ങളെ അവർ അനുധാവനം ചെയ്യുകയാണ്. സത്യ നിഷേധത്തിന്ന് ബഹുദൈവ വിശ്വാസികൾ ആധാരമാക്കിയതും ഈ ന്യായീകരണം തന്നെയായിരുന്നുവല്ലോ.

വി. ഖുർആനിൽ അല്ലാഹു പറയുന്നു :

"ഞങ്ങളുടെ പിതാക്കളെ ഒരു മാർഗ്ഗത്തിൽ നില കൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു." ( 43 : 22)

വലിയൊരു സംഘം ചെയ്യുന്നതിനെയല്ല ( അഹലുസ്സുന്നത്തി വൽ) 'ജമാഅ' എന്നതു കൊണ്ട് വിവക്ഷിക്കുന്നത്. പ്രത്യുത പ്രവാചക ചര്യയോട് യോജിച്ചു വന്ന കാര്യങ്ങൾ പ്രവർത്തിക്കുന്ന സംഘത്തിന്നാണ് "അൽ ജമാഅ:" എന്നു പറയുക. അവർ എണ്ണത്തിൽ കുറഞ്ഞവരാണെങ്കിലും ശരി.

നബി (സ.അ) പറഞ്ഞു. : "നിശ്ചയം, ഇസ്ലാം തികച്ചും അപരിചിതാവസ്ഥയിൽ ആരംഭിച്ചു. അപ്രകാരം അപരിചിതമായ ഒരവസ്ഥയിലേക്ക് പോയേക്കും. അപ്പോളത് മുറുകെപ്പിടിക്കുന്ന അപൂർവ വ്യക്തികളാരോ അവർക്ക് മംഗളം.' അവരാരാണെന്ന് ശിഷ്യന്മാർ ചോദിച്ചു. അവിടുന്നു പറഞ്ഞു : "ജനങ്ങൾ കേടു വരുത്തിയ എന്റെ ചര്യകൾ നന്നാക്കി എടുക്കുന്ന (മുസ്വ്ലിഹുകളായ) വരാണവർ. "

ഇബ്നു മസ്ഊദ് (റ.അ) പറയുന്നു : സത്യത്തോട് യോജിച്ചു വന്നതാണ് 'അൽജമാഅ:'. അതിൽ നീ ഒരുവനേ ഉള്ളുവെങ്കിലും.

# ബിദ്അത്തുകൾ കടന്നു വരുന്ന വഴികൾ

1- പ്രവാചക ചര്യയെക്കുറിച്ചുള്ള തികഞ്ഞ അജ്ഞത . ഹദീസ് നിദാന ശാസ്ത്രത്തിലുള്ള അറിവില്ലായ്മ . കുറ്റമറ്റ (സ്വഹീഹായ) ഹദീസുകളും (ളഈഫായ) ദുർബല ഹദീസുകളും വേർതിരിച്ചു മനസ്സിലാക്കായ്മ . വ്യാജ നിർമ്മിതവും ദുർബലങ്ങളുമായ ഹദീസുകളുടെ ആധിക്യം.

ഉദാഹരണത്തിന്ന്, നബി (സ.അ) യെ പ്രകാശം കൊണ്ട് സൃഷ്ടിച്ചതാണെന്ന ജൽപനത്തിന്നു ആധാരമാക്കപ്പെടുന്ന ഹദീസ് പരിശോധിക്കുക. തികഞ്ഞ വ്യാജ നിർമ്മിത ഹദീസ് (മൗളൂഅ്) ആണത്. അതിപ്രകാരമാണ്.

" ഓ-ജാബിർ, താങ്കളുടെ ഈ പ്രവാചകന്റെ പ്രകാശമാണ് പടപ്പുകളെയെല്ലാം അല്ലാഹു സൃഷ്ടിക്കും മുൻപ് ആദ്യമായി പടച്ചത്."

അപ്രകാരം, മുഹമ്മദ് നബി (സ.അ) കാരണമാണ് ഈ പ്രപഞ്ചം തന്നെ സൃഷ്ടിച്ചത് എന്ന കള്ള ഹദീസി (മക്ദൂബ്) ന്മേലാണ് 'ഭൂ ലോക സൃഷ്ടിക്ക് കാരണ ഭൂതരായ മുഹമ്മദ് (സ.അ) ' എന്ന അന്ധ വിശ്വാസം സ്ഥാപിച്ചിരിക്കുന്നത്. ( ലൗലാക ലൗലാക ഹമാ ഖലക്തുൽ അഫ്ലാഖ്) - താങ്കളെങ്ങാനും ഇല്ലായിരുന്നുവെങ്കിൽ നാം ഈ പ്രപഞ്ചം തന്നെ സൃഷ്ടിക്കുകയില്ലായിരുന്നു - എന്നതാണ് ആ ഹദീസ്.

പാവം! ഈ ഹദീസ് കെട്ടിച്ചമച്ച വ്യക്തി 'പടപ്പുകൾ ഈ ലോകത്ത് ഇല്ലായിരുന്നുവെങ്കിൽ മുഹമ്മദ് നബി (സ.അ) പ്രവാചകനായി നിയോഗിതനാകുക പോലുമില്ലായിരുന്നു' എന്ന വസ്തുത മറന്നു പോയി. മാത്രമല്ല അല്ലാഹു പ്രഖ്യാപിക്കുന്നതോ,

" മാലോകരിലേക്ക് കാരുണ്യവാനായിട്ടല്ലാതെ താങ്കളെ

നാം നിയോഗിച്ചിട്ടില്ല."(വി. ഖു. 21:107 ) എന്നുമാണ്.

2- ഒരറിവുമില്ലാതെ അല്ലാഹിവിൻെറ ദീനിനെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്ന പാമരന്മാരും മുഫ്തി (മത വിധികൾ പ്രഖ്യാപിക്കുന്ന) കളുമായി നടക്കുന്ന വിവര ദോഷികളെ നേതാക്കന്മാരാക്കി ജനങ്ങൾ കൊണ്ടു നടക്കുന്നതാണ് ബിദ്അത്തുകളുടെ ജന്മത്തിന്ന് മറ്റൊരു കാരണം.

3- ജന്മ ദിനാഘോഷം, ആണ്ടറുതികൾ എന്നിവ പോലെ മതത്തിൽ ഒരിക്കലും നിയമമാക്കപ്പെട്ടിട്ടില്ലാത്ത, യാതൊരു അടിസ്ഥാനവുമില്ലാത്ത അന്ധവിശ്വാസങ്ങളും, നാട്ടിൽ പ്രചാരമുള്ള ചില ആചാരങ്ങളും ക്രമേണ ബിദ്അത്തുകളായി രൂപം പ്രാപിക്കുന്നു.

4- മഹാന്മാരും മുജ്തഹിദീ പണ്ഡിതരു (പ്രമാണങ്ങളിൽ നിന്ന് മത വിധികൾ നിർദ്ദാരണം ചെയ്തെടുക്കാൻ യോഗ്യത നേടിയവർ) മായ ഇമാമുകൾക്കും ശൈഖന്മാർക്കും പ്രവാചകരെപ്പോലെ പാപ സുരക്ഷിതാവസ്ഥ (ഇസ്മത്) യുടെ പദവി നൽകുന്ന വിശ്വാസം.

5- ഖുർആൻ സൂക്തങ്ങളിലും നബി വചനങ്ങളിലുമുള്ള സദൃശ്യവാക്യങ്ങളുടെ (മുശ്തബിഹാത്) പിന്നിൽ ദുർവ്യാഖ്യാനങ്ങളുമായി കൂടുകയും സുവ്യക്ത വിധികളുള്ള വാക്യ (മുഹ്കം) ങ്ങളിലേക്ക് അവയെ തിരിച്ചു വിടാതിരിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന ഊഹങ്ങളിൽ നിന്ന് ബിദ്അത്തുകൾ ഉരുത്തിരിഞ്ഞു വരുന്നു.

## നബിദിനാഘോഷം

ഹിജ്റ 4-ാം നൂറ്റാണ്ടിൽ ഫാത്വിമിയ്യാ ഖലീഫമാരാണ് (ഈജിപ്തിലെ) കൈറോവിൽ നബി (സ.അ) യുടെ ജന്മ ദിനാഘോഷം ആദ്യമായി രംഗത്തുകൊണ്ടുവന്നത്. ഇവരുടെ അപര നാമം 'ഉബൈദികൾ' എന്നാണ്. ഇവർ

മഹതിയായ നബിപുത്രി ഫാത്വിമ (റ.അ) യുമായി ബന്ധമൊന്നുമില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ സ്വീകരിച്ച നാമകരണമാണത്. ഇവർ യഥാർത്ഥത്തിൽ നിരീശ്വര വാദികളായിരുന്നു. ഇവർ അധികാരം കയ്യടക്കിയതാണ്. അവർ 'റാഫിളി' വിഭാഗത്തിൽപെട്ട തനി ദൈവ നിഷേധികളായ അവിശ്വാസികളായിരുന്നു. ഇവർ ആറ് തരം മൗലിദുകൾ (ജന്മ ദിനാചരണങ്ങൾ) ആരംഭിച്ചു. നബി (സ.അ) ; ഇമാം അലി (റ.അ) ; മഹതി ഫാത്വിമ (റ.അ) ; ഹസൻ (റ.അ) ; ഹുസൈൻ (റ.അ) ; നിലവിലുള്ള ഖലീഫ എന്നിവരുടെ ജന്മദിനാഘോഷങ്ങളാണീ ആറെണ്ണം. എന്നാൽ പിന്നീട് ഇവ ആഘോഷിക്കുന്നത് സൈന്യത്തലവന്മാരിൽ നിന്ന് ഖലീഫയായിത്തീർന്ന ' അഫ്ളൽ ' നിരോധിക്കുകയുണ്ടായി. പക്ഷെ, കുറച്ചു കാലത്തിനു ശേഷം ജനങ്ങളിക്കാര്യം മറന്നു പോയിക്കൊണ്ടിരിക്കുന്നതിന്നിടയിൽ ' അൽ ആമിർ ബി അഹ്കാമില്ലാഹ് ' എന്ന ഫാത്വിമിയ്യാ ഖലീഫ ഹിജ്റ 524 ൽ ഈ അനാചാരം വീണ്ടും പുനരാരംഭിക്കുകയാണ് ചെയ്തത്.

'മൗലിദ്' എന്ന പേരിൽ ആദ്യമായി കാവ്യം രചിക്കപ്പെട്ടത് 7-ാം നൂറ്റാണ്ടിൽ ഇർബൽ നഗരത്തിൽ വെച്ച് ' അബൂ സഈദ് കോക്പൂരി ' എന്ന 'മുളഫ്ഫർ' രാജാവായിരുന്നു. അതാണ് ഇന്നും നില നിന്നു പോരുന്നത്.

ഈ ജന്മ ദിനാചരണങ്ങളും മൗലിദുകളും സലഫ്ഫുസ്സ്വാലിഹുകളുടെ ആദ്യ കാല മൂന്നു ഉത്തമ നൂറ്റുണ്ടികളിലും, നാല് മദ്ഹബുകളുടേയും ഇമാമുകളായ മഹാാന്മാരുടെ കാലഘട്ടങ്ങളിലും ഉണ്ടായിരുന്നില്ല. ആ മാതൃകാ യോഗ്യമായ ഉത്തമ നൂറ്റാണ്ടിന്നു ശേഷംവന്ന വിവരം കെട്ട ഏതാനും അനാചാരികളാണ് ഇത് സമുദായത്തിൽ പ്രചരിപ്പിച്ചത്. ഇത് മതത്തിലെ നവീനാചാരമാണ്. ഏതൊരു ബഹുദൈവ വിശ്വാസിയും അല്ലാഹുവിനെ തരം താഴ്ത്തുന്നതു പോലെ, ഏതൊരു ബിദ്അത്തു നിർമ്മാതാവും പ്രവാചകനായ മുഹമ്മദ് (സ.അ) യെ

അവഹേളിക്കുന്നവനായി നീ കാണാതിരിക്കില്ല. അല്ലാഹു നമ്മെ കാക്കട്ടെ.

## ജന്മദിനാഘോഷം അസത്യമാണ്.

## രേഖകൾ :

1- നബി (സ.അ), മക്കയിൽ നിന്ന് ഹിജ്റ ചെയ്ത് മദീനയിൽ എത്തിയപ്പോൾ മദീനക്കാർ ജാഹിലിയ്യ (അജ്ഞാത യുഗ) ത്തിൽ ആചരിച്ചിരുന്ന എല്ലാ ആഘോഷങ്ങളും നിരോധിക്കുകയും ഇസ്ലാമിലെ രണ്ടാഘോഷങ്ങളായ 'ഈദുൽ ഫിത്വറും' ( ചെറിയ പെരുന്നാൾ) 'ഈദുൽ അള്ഹാ' (ബലി പെരുന്നാൾ) യും മാത്രമാണ് നമുക്കുള്ള ഇസ്ലാമിലെ ആഘോഷങ്ങളെന്ന് അവിടുന്നു വ്യക്തമാക്കുകയും ചെയ്തത്.

2- ഇസ്ലാമിക പ്രമാണങ്ങൾ, എല്ലാ പുതുനിർമ്മിതാചാരങ്ങളും ബിദ്അത്താണെന്നും എല്ലാ ബിദ്അത്തുകളും നരകത്തിലേക്കാണെന്നും സംശയ ലേശമന്യേ വ്യക്തമാക്കുകയും ബിദ്അത്തുകൾ കർശനമായി നിരോധിക്കുകയും ചെയ്തിരിക്കുന്നു.

3- ആഘോഷങ്ങൾ വെറും ആചാരങ്ങളല്ല. ഇസ്ലാമിക വീക്ഷണത്തിൽ അത് ആരാധന (ഇബാദത്ത്) യാണ്. അതിനാലാണല്ലോ നബി (സ.അ) ജാഹിലീ കാലഘട്ടത്തിലെ എല്ലാ ആഘോഷങ്ങളും ദുർബലപ്പെടുത്തിയത്.

4- ഇസ്ലാമിൻേറയും നബി ചര്യയുടേയും വ്യക്തമായ ശത്രുക്കളും അനാചാരികളുമായിരുന്ന 'റാഫിളികൾ' ഉണ്ടാക്കിയ ആചാരമാണിത്. മുസ്ലിം ലോകത്ത് ആദ്യമായി അവരാണ് ഖബറുകൾക്കുമുകളിൽ കെട്ടിടങ്ങളും ഖുബ്ബകളും പള്ളികളും പണികഴിപ്പിച്ചത്.

5- സച്ചരിതരായ സലഫുകൾ ഈ ബിദ്അത്ത് ഒരിക്കലും ചെയ്തിട്ടില്ല. ഇങ്ങിനെ ഒരാചാരം തന്നെ അവർക്കപരിചിതമായിരുന്നു. അവരാകട്ടെ വിശ്വാസികളിൽ അത്യുൽകൃഷ്ടരും മത

പ്രമാണങ്ങളിൽ പ്രാവീണ്യം നേടിയവരുമായിരുന്നു. സലഫുകളുടെ മാതൃകയില്ലാത്ത ആചാരങ്ങളൊന്നും മതാചാരങ്ങളല്ല. ഇത് മതത്തിലുണ്ടായിരുന്നുവെങ്കിൽ അവ ആചരിക്കുന്നതിൽ അവർ മുൻപന്തിയിൽ ഉണ്ടാകുമായിരുന്നു. അവ പുതുതായി ഉണ്ടാക്കപ്പെട്ട ദുരാചാരം തന്നെയാകുന്നു . അങ്ങിനെ ഒരാചാരം അവർ നടത്തിയതിന്ന് യാതൊരു പ്രമാണവും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല.

# മൗലിദ് വീരന്മാർ

**1–** ബിദ്അത്തിന്ന് പ്രചാരവും ആ മാർഗ്ഗത്തിൽ എന്തും ചെയ്യാൻ തയ്യാറുമുള്ള ഒരു പറ്റം ആളുകളാണ് മൗലിദാഘോഷത്തിന്റെ മുൻപന്തിയിലുള്ളവർ. അവർ വിജ്ഞാന ദാഹികളോ സാമൂഹ്യ സേവകരോ അല്ല. പ്രവാചകചര്യ പിൻ പറ്റുന്നതിലും വിജ്ഞാന സദസ്സുകളിലും നന്മയുറ്റ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കുന്നതിലും താൽപര്യക്കുറവുള്ളവരായിരിക്കും. എന്നാൽ അനാചാരങ്ങൾ - അതിൽ അധികവും ബിദ്അത്താണെന്ന് മനസ്സിലാക്കിയിട്ടും - പ്രദർശിപ്പിക്കുന്നതിൽ വർദ്ധിച്ച തൽപര്യം കാണിക്കുന്നവരും അതിൽ മുടുറപ്പിച്ചു നിൽക്കുന്നവരുമായിരിക്കും .

**2–** ഇത് മത വിധി പ്രകാരമുള്ള പുണ്യകരമായ ഒരു ആരാധനാ കർമ്മം തന്നെ എന്നു വിശ്വസിക്കുകയും നാശത്തിലേക്ക് നയിക്കുന്ന ഒരു പറ്റം നേതാക്കളെ അന്ധമായി അനുകരിക്കുകയും ചെയ്യുന്ന പൊതുജനമാണിതിൽ അണി നിരന്നിട്ടുള്ള രണ്ടാം നിര.

**3–** ഈ മൗലിദാഘോഷങ്ങളിൽ നിന്ന് ഉണ്ണാനും കുടിക്കാനും സമ്പാദിക്കാനും പലതും ആസ്വദിക്കാനും ധാരാളം വകുപ്പുകളുണ്ടെന്നു കണ്ടിട്ടുള്ള, സ്വാർത്ഥതക്കും വികാരങ്ങൾക്കും അടിപ്പെട്ടിട്ടുള്ള മൂന്നാം വിഭാഗവും കൂടി അണി ചേരുമ്പോൾ വൃത്തം പൂർത്തിയാവുകയായി.

ഇത്രയും വിശദീകരിച്ച ശേഷം ഞാൻ എന്നേയും എന്റെ മുസ്ലിം സഹോദരങ്ങളേയും ഈ ബിദ്അത്തുകളിൽ നിന്ന് അകന്നു നിൽക്കണമെന്ന് ഉപദേശിക്കുന്നു. ആരെങ്കിലും ഇതിൽ പെട്ടു പോയിട്ടുണ്ടെങ്കിൽ അത് ഉടനെ ഉപേക്ഷിക്കുകയും പ്രവാചകന്റെ (സ.അ) തിരു ചര്യകളിലേക്ക് തിരിച്ചു വരണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ഇത്തരം ബിദ്അത്തുകളുടെ പൊള്ളത്തരങ്ങൾ വ്യക്തമാക്കിത്തരുന്ന പ്രാമാണികന്മാരായ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ട ചിലതെങ്കിലും വായിക്കുവാൻ ശ്രമിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

മാലികി പണ്ഡിതനായ 'ഇമാം ശാത്വിബി' യുടെ "അൽ ഇഅ്തിസ്വാം" ; അലി മഹ്ഫൂളിന്റെ "കിതാബുൽ ഇബ്ദാഅ്" ; ഇന്ന് ജീവിച്ചിരിക്കുന്ന ലോക പ്രശസ്ത പണ്ഡിതനായ 'ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസി' ന്റെ "റിസാലത്തുത്തഹ്റീർ മിനൽ ബിദ്അ:" എന്നി ഉൽകൃഷ്ഠ ഗ്രന്ഥങ്ങളും ; 'സലീമുൽ ഹിലാലി' യുടെ "റിസാലത്തുൽ ബിദ്അ: വഅസറുഹാ സ്സയ്യിഅ് ഫിൽ ഉമ്മ" എന്ന -- (ഈ വിഷയത്തിലെ ആദ്യന്ത്യം ഉപകാരപ്രദമായ ഗവേഷണ പ്രബന്ധം) -- കൃതിയും പരിശോധിക്കുക.

അല്ലാഹു തൃപ്തിപ്പെട്ട കർമ്മങ്ങൾ ചെയ്യാൻ അവൻ നമ്മെ തുണക്കട്ടെ. എനിക്കും എന്റെ മാതാപിതാക്കൾക്കും എല്ലാ മുസ്ലിം സഹോദരങ്ങൾക്കും അല്ലാഹുവേ നീ പൊറുത്തു തരേണമേ. അന്ത്യ പ്രാവാകനിലും അവിടുത്തെ ശിഷ്യ ഗണങ്ങളിലും അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ. ആമീൻ.

അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബറകാതുഹ്.

**المكتب التعاوني للدعوة والإرشاد**
**وتوعية الجاليات في منطقة البطحاء**
*تحت إشراف*
**وزارة الشؤون الإسلامية والأوقاف والدعوة والإرشاد**
ص . ب : ٢٠٨٢٤ الرياض : ١١٤٦٥
هاتف ٤٠٣٠٢٥١ – ١ – ٠٠٩٦٦
٤٠٣٠١٤٢
٤٠٣٤٥١٧
٤٠٣١٥٨٧
فاكس : ٤٠٥٩٣٨٧
هاتف وفاكس صالة المحاضرات بالبطحاء
٤٠٨٣٤٠٥ – ١ – ٠٠٩٦٦

# محتويات الكتاب


١ - تعريف البدعة لغة وشرعا .

٢ - خطر البدعة .

٣ - شهادة لمحسني البدع وردها .

٤ - أسباب الابتداع .

٥ - المولد النبوي .

٦ - بطلان عيد المولد من وجوه .

٧ - المهتمون بالمولد .


حقوق الطبع محفوظة للمكتب

مطابع الحميضي ت 4581000 ف 4592217 الرياض

ح المكتب التعاوني للدعوه والإرشاد بالبطحاء، ١٤١٥هـ

فهرسة مكتبة الملك فهد الوطنية

العمر، عبدالعزيز بن سالم

خطر البدعة وأسبابها/ ترجمة كوياكوتي فاروقي عبدالرحمن.

٢٤ ص؛ ١٢ X ١٧ سم

ردمك ٤-٠٥-٧٩٨-٩٩٦٠

(النص باللغة المليبارية "كيرلا")

١- االبدع في الإسلام أ- الوعظ والإرشاد أ- الفاروقي، كوياكوتي (مترجم) ب- العنوان

ديوي ٢ر٢١٢ ١٥/٠٩١٧

ردمك ٤-٠٥-٧٩٨-٩٩٦٠

رقم الإيداع ١٥/٠٩١٧

# خطر البدعة وأسبابها

باللغة المليبارية ( كيرلا )

تأليــف

الشيخ عبد العزيز بن سالم العمر

ترجــمة

كويا كوتي الفاروقي

# خطر البدعة وأسبابها

باللغة المليبارية (كيرلا)

تأليف

الشيخ عبد العزيز بن سالم العمر

ترجمة

كويا كوتي الفاروقي

١١/١٤٢٨هـ

برنامج
وفرعها في السماء
دعوة للمساهمة في دعم
خمسة أنشطة للمكتب
بمبلغ خمسين ريال
توزع كالتالي :

كفالة داعية
رحلات تعليمية
صدقة جارية
تبرع عام
طباعة كتب



للمساهمة في البرنامج

الايداع في الحساب رقم ٤/٦٣٩٠ فرع ١٨٥ الراجحي وإرسال صورة الإيداع على فاكس المكتب ٤٠٥٩٣٨٧

أو التكرم بالحضور إلى مقر المكتب أو التحويل عن طريق الصراف الآلي إلى الحساب رقم ١٨٥٦٠٨٠١٠٠٦٣٩٠٤